# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1725    22-3-2012-ലെ മറുപടിക്ക്.

### കടൽ നിരീക്ഷണത്തിന് നിലവിലുള്ള സംവിധാനങ്ങൾ

ചോദ്യം :

ശ്രീ. വി. എസ്. സുനിൽകുമാർ
ശ്രീ. ജി.എസ്. ജയലാൽ
ശ്രീ. വി. ശശി
ശ്രീ. ഇ. ചന്ദ്രശേഖരൻ

ഉത്തരം :

ശ്രീ. ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കടൽ നിരീക്ഷണത്തിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം; ഈ സംവിധാനങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; | (എ) | തീരദേശ സുരക്ഷ ശക്ത മാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ആദ്യഘട്ടത്തിൽ എട്ടും രണ്ടാം ഘട്ടത്തിൽ പത്തും തീരദേശ പോലീസ് സ്റ്റേഷനുകൾ കേരളത്തിന് അനുവദിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ആറ് തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് മൂന്ന് ഹൈസ്പീഡ് ബോട്ടുകൾ വീതം നൽകിയിട്ടുണ്ട്. ഈ ബോട്ടുകൾ ഉപയോഗിച്ച് കടലിൽ പട്രോളിംഗും നിരീക്ഷണവും നടത്തി വരുന്നു. ഓരോ തീരദേശ പോലിസ് സ്റ്റേഷനുകൾക്കും ആവശ്യമായ ആയുധങ്ങൾ, കടൽ നിരീക്ഷണത്തിന് ആവശ്യമായ ഉപകരണങ്ങൾ എന്നിവയും അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ തീരദേശ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി മൽസ്യതൊഴിലാളികളുടെ പങ്കാളിത്ത ത്തോടെ 74 കടലോര ജാഗ്രതാ സമിതികളും രണ്ട് കായലോര ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്. ഇവ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. നാവിക സേന, കോസ്റ്റ് ഗാർഡ്, പോലീസ് എന്നിവയുടെ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിക്കുന്നതിനും പ്രവർത്തനം സുഗമമാക്കുന്നതിനും തീരദേശ സുരക്ഷ സംബന്ധിച്ച വിവരങ്ങൾ കൈമാറുന്നതിനും വേണ്ടി കൊച്ചിയിൽ ജോയിന്റ് ഓപ്പറേഷൻ സെന്റർ (JOC) പ്രവർത്തിച്ചു വരുന്നു. തീരദേശസുരക്ഷയെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിന് നിലവിൽ എല്ലാ തീരദേശ പോലീസ് സ്റ്റേഷനുകൾക്കും 1093 എന്ന ടോൾ ഫ്രീ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പോലീസ് ഹെഡ് ക്വാർട്ടേഴ്സിലെ എസ്. പി. എം ആർ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോസ്റ്റൽ സെക്യൂരിറ്റി കൺട്രോൾ റൂമായും പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സംവിധാനങ്ങൾ ഫലപ്രദമായും കാര്യക്ഷമമായും പ്രവർത്തിച്ചു വരുന്നു. |
| (ബി) | കടൽ നിരീക്ഷണത്തിനായി പട്രോളിംഗ് നടത്തുന്നതിന് എത്ര ബോട്ടുകളുണ്ട്; ഈ ബോട്ടുകളെല്ലാം ഇപ്പോൾ പ്രവർത്തനക്ഷമമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | ആദ്യ ഘട്ടത്തിൽ അനുവദിച്ച 8 തീരദേശ പോലീസ് സ്റ്റേഷനു കൾക്കും കൂടി 24 ഹൈസ്പീഡു ബോട്ടുകൾ നൽകിയിട്ടുണ്ട്. ഇതിൽ 18 ബോട്ടുകൾ പട്രോളിംഗ് നടത്തുന്നുണ്ട്. ബാക്കിയുള്ള 6 ബോട്ടുകൾ സാങ്കേതിക കാരണങ്ങളാൽ റിപ്പയറിംഗിലാണ്. |

| | | | |
|---|---|---|---|
| (സി) | ആധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് നിരീക്ഷണ സംവിധാനം പരിഷ്കരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഇക്കാര്യത്തിൽ സാദ്ധ്യമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ